

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തേവലക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ . കെ എൽ എം -പി 2/2138/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേവലക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ . കെ എൽ എം -പി തീയ്യതി: 05/12/2024
2/2138/24

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	13-11-2024	21-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-11-2024	21-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലാലു ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽകുമാർ യു.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിന്ധു എസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ദിലീപ്.റ്റി	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രശ്മി ജയരാജ്	കൃഷി ഓഫീസർ	01-04-2023	24-11-2023
ശ്രീ.സജു എസ് എസ്	കൃഷി ഓഫീസർ	25-11-2023	31-03-2024
ഡോ.സാജൻ ജി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.രശ്മി.എസ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2023	31-03-2024
ഡോ.നിത്യാ മോൾ എസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2023	02-05-2023
ഡോ. സ്മിത ആർ എസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	03-05-2023	19-05-2023
ഡോ.നിത്യാ മോൾ എസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	20-05-2023	10-09-2023
ഡോ. സ്മിത ആർ എസ്	മെഡിക്കൽ ഓഫീസർ - ഹോമിയോ	11-09-2023	31-03-2024

ഡോ.ഗിരിജാനന്ദ് എം എസ്	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2023	31-03-2024
ഡോ.ആർഷ മോഹൻ	മെഡിക്കൽ ഓഫീസർ-സിദ്ധ	01-04-2023	31-05-2023
ഡോ.ഗിരിജാനന്ദ് എം എസ്(ഇൻ ചാർജ്)	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-06-2023	31-03-2024
ശ്രീ.ബാലു ശേഖർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-08-2023
ശ്രീ.ദിലീപ് കുമാർ വി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-09-2023	30-11-2023
ശ്രീ.പോൾ രാജൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-12-2023	31-03-2024
ശ്രീമതി.രഹന.ആർ	വി.ഇ.ഒ.	01-04-2023	19-01-2024
ശ്രീമതി ഷീബ എസ്	വി ഇ ഒ	20-01-2024	31-03-2024
ശ്രീമതി.റാഹിലത്ത് ബീവി.എ	വി ഇ ഒ	01-04-2023	19-01-2024
ശ്രീമതി സബീന എൻ	വി ഇ ഒ	20-01-2024	31-03-2024
ശ്രീമതി.ശുഭ.സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.ശോഭന റ്റി	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024

ശ്രീമതി.ശാന്തി തോമസ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2023	31-03-2024
ശ്രീമതി.ഫൌസിയ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	13-11-2023
ശ്രീമതി കലാരഞ്ജിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	14-11-2023	31-03-2024
ശ്രീ.സജി.എസ്	അസി.സെക്രട്ടറി	01-04-2023	10-08-2023
ശ്രീ.സുനിൽ കെ(ഇൻ ചാർജ്ജ്)	ജൂനിയർ സൂപ്രണ്ട്	11-08-2023	03-09-2023
ശ്രീ.പ്രദീപ് എ ഫെർണാണ്ടസ്	അസി.സെക്രട്ടറി	04-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം-രേഖകൾ ലഭ്യമല്ല	1-1-2
4	പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നില്ല	1-1-3
5	Capital Contribution- Swaccha Bharath Abhiyan-രേഖകൾ ഹാജരാക്കിയില്ല	1-1-4
6	ഐ.സി.ഡി.എസ്.കേന്ദ്രവിഹിതത്തിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-5
7	Contribution For Joint Venture Projects (For Capital Expenditure)-നീക്കിയിരിപ്പ് കൃത്യമല്ല	1-1-6
8	Receivables Of Redemption-തുക കൃത്യമല്ല.	1-1-7
9	Secured Loan From Co-Operative Bank Outstanding Amount-ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ബി-15 ഷെഡ്യൂളിൽ ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക കൃത്യമല്ല	1-1-9
11	മഴക്കാല പൂർവ്വ ശുചീകരണം-ബാധ്യത കുറവ് ചെയ്തില്ല	1-1-10
12	Rent From Building -ഡിമാന്റ് തുക കൃത്യമല്ല	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3

15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമ പെൻഷൻ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-11
23	പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകി	1-12
24	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
25	വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല	1-14
26	പത്രപരസ്യം-നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ തുക അനുവദിച്ചു	1-15
27	ഗംബൂട്ട്, റബ്ബർ ഗ്ലൗസ് എന്നിവയുടെ വിതരണ വിവരം/ നീക്കിബാക്കിയുടെ വിശദാംശം ലഭ്യമാക്കിയില്ല	1-16
28	പദ്ധതി വിഹിതമായി ലഭിച്ച കേന്ദ്ര വിഹിതം സമാന പ്രവൃത്തികൾക്കായി വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചു	1-17
29	ഇലക്ട്രീഷൻമാർക്ക് ഇൻഷുറൻസ് കരാർ വ്യവസ്ഥക്ക് വിപരീതമായി തനത്ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു	1-18
30	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-19
31	മരുന്ന് പൂർണ്ണമായി ലഭ്യമായില്ല	1-20
32	ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല	1-21

33	ഇൻസുലിൻ പൂർണ്ണമായി ലഭ്യമായില്ല	1-22
34	തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല	1-23
35	അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നില്ല	1-24
36	ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി	1-25
37	സ്കൂൾ കുട്ടികൾക്ക് ബാഗ്,കുട,നോട്ട് ബുക്ക്-വിതരണവിവരം ലഭ്യമാക്കിയില്ല	1-26
38	RP 30 Grants,Fund & Contribution For Specific Purposes (P)-ചെലവ് വിശദാംശം ഹാജരാക്കിയില്ല	1-27
39	ടെലഫോൺ ചാർജിനത്തിൽ തുക അധികം നൽകി	1-28
40	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് .	1-29
41	ഹരിതകർമ്മസേന അവലോകനം	1-30
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ആർദ്രം പദ്ധതി പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകി	3-1
2	ടെലഫോൺ ചാർജിനത്തിൽ തുക അധികം നൽകി	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

തേവലക്കര ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റ
സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി
ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനക
അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.
തീരുമാനം പ്രകാരം അംഗീകരിച്ച് 05/06/2024 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്.
ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തി
കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.
വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനക
ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനി
പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന
സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അ
അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദി

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്
വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്
ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്
ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന്
മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെ
പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ
സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമ

വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത
ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റി
ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശ
അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എ
വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശ
അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് റ
ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേ
ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ
ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2
നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം.
തീയതി : 05-12-2024

ഒ
ജില്ലാ ഓഡിറ്റ്
കേരള സംസ

**<u>1-1-1 അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ
കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.</u>**

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥ
പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്ര

കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം-രേഖകൾ ലഭ്യമല്ല

6/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-3 പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 01/04/2 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും, 2023-2 ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തില പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

1-1-4 Capital Contribution- Swaccha Bharath Abhiyan-രേഖകൾ ഹാജരാക്കിയില്ല

ബി-3 ഷെഡ്യൂളിൽ Capital Contribution-Swaccha Bharath Abhiyan എന്ന ഹെഡ് കോഡിൽ 3,44,324/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയ

1-1-5 ഐ.സി.ഡി.എസ്.കേന്ദ്രവിഹിതത്തിന്റെ നീക്കിയിരിപ്പ് പൊരുത്ത

ബി-4 ഷെഡ്യൂളിൽ ഐ.സി.ഡി.എസ്.കേന്ദ്രവിഹിതത്തിന്റെ നീക്കിയിരിപ്പും ര നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം നീ രൂപയും, രജിസ്റ്റർ പ്രകാരം 18,68,508/-രൂപയുമാണ്.

1-1-6 Contribution For Joint Venture Projects (For Capital Expenditure)-നീക്കിയിരിപ്പ് കൃ

ബി-4 ഷെഡ്യൂളിൽ Contribution For Joint Venture Projects (For Capital Expenditure) From Block, Jilla P
കോഡിൽ ബാധ്യത " 0" രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക
കോഡിൽ ബാധ്യത യഥാക്രമം 8,22,683/-രൂപയും, 4,31,834/-രൂപയും
ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-7 Receivables Of Redemption-തുക കൃത്യമല്ല.

ബി-15 ഷെഡ്യൂളിൽ Receivables Of Redemption എന്ന ഇനത്തിൽ രേഖപ്പെടുത്തിയിരിക്ക
ട്രഷറി ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ നിന്നുള്ള 12,92,234/-രൂപ Re
ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 Secured Loan From Co-Operative Bank Outstanding Amount-ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല

ബി-5 ഷെഡ്യൂളിൽ Secured Loan From Co-Operative Bank Outstanding Amount ആയി രേഖ
16,61,000/-രൂപയാണ്. ബാങ്ക് രേഖകൾ പ്രകാരം 39,19,437/-രൂപയാണ്.

1-1-9 ബി-15 ഷെഡ്യൂളിൽ ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയി കൃത്യമല്ല

ബി-15 ഷെഡ്യൂളിൽ ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക 4311
വരെയുള്ള ഹെഡ് കോഡിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 മഴക്കാല പൂർവ്വ ശുചീകരണം-ബാധ്യത കുറവ് ചെയ്തില്ല

ബി-18 ഷെഡ്യൂളിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2022-23, 2023-24 സാമ്പ
നൽകിയ തുക പ്രവൃത്തി പൂർത്തീകരണത്തിനുശേഷവും ബാധ്യതയായി ഉൾപ്പെടുത

1-1-11 Rent From Building -ഡിമാന്റ് തുക കൃത്യമല്ല

Rent From Building എന്ന ഇനത്തിലെ ഡിമാന്റ് തുക രജിസ്റ്റർ പ്രകാരമ
പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 26,724/-രൂപയും വാർഷിക ധനകാര്യ പത്ര

രൂപയുമാണ്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 21.03.2023-ലെ 1-ാം നമ്പർ തീരുമാനപ്രക പരിഷ്കരിച്ച ബജറ്റ് 27.01.2024 ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	4,43,35,016/-രൂപ
ഓഡിറ്റ് വർഷത്തെ വരവ്	9,43,78,779/-രൂപ
ആകെ	13,87,13,795/-രൂപ
ഓഡിറ്റ് വർഷത്തെ ചെലവ്	8,75,44,760/-രൂപ
നീക്കിയിരിപ്പ്	5,11,69,035/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,34,689/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	21,39,814/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇ അക്കൗണ്ടിലെ വരവ്–ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ട

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്₹	വരവ് ₹	ആകെ ₹	ചെല
വികസനഫണ്ട്-ജനറൽ	0	2,85,77,000/-	2,85,77,000/-	2,50,79,
വികസനഫണ്ട്-എസ്.സി.പി	0	1,19,50,000/-	1,19,50,000/-	1,10,76,

മെയിന്റനൻസ് ഫണ്ട്-റോഡ്	0	76,90,000/-	76,90,000/-	36,68,3(
മെയിന്റനൻസ് ഫണ്ട്-നോൺറോഡ്	0	47,09,400/-	47,09,400/-	45,81,62
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് –ബാങ്ക്	68,74,915/-	35,49,000/-	1,04,23,915/-	45,16,66
ധനകാര്യകമ്മീഷൻ ഗ്രാന്റ്-അൺടൈഡ് – ബാങ്ക്	19,27,822/-	47,32,000/- പലിശ-2,07,657/-	68,67,479/-	48,30,85

സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃതഫണ്ടുകൾ

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെല ₹
എം.ജി.എൻ.ആർ.ജി.എസ്	5,032/-	12,76,612/-	12,81,644/-	12,81,3
ഹെൽത്ത് ഗ്രാന്റ് –ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററർ	1,89,723/-	5,15,872/-	7,05,595/-	1,85,82
ഹെൽത്ത് ഗ്രാന്റ് – ഇൻഫ്രാസ്ട്രക്ച്ചർ	3,15,301/-	12,81,181/-	15,96,482/-	4,55,24
ടോട്ടൽ സാനിട്ടേഷൻ ക്യാംപെയിൻ	6,88,420/-	65,569/-	7,53,989/-	0/-
ശുചിത്വ മിഷൻ ഗ്രാന്റ്	18,51,120/-	0	18,51,120/-	12,41,3
ICDS	25,32,158/-	31,70,868/-	57,03,026/-	38,34,5
കാവുകളുടെ സംരക്ഷണം+ ലൈഫ് സംസ്ഥാന വിഹിതം	96,64,978/-	1,49,30,173	2,45,95,151/-	59,07,5

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത (എണ്ണം)
210	16,95,02,352/-	134	9,89,01,375/-	-	76

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
ഇല്ല

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)
ഭരണചെലവുകൾ	5,032/-	12,76,612/-	12,81,644/-	12,81,337/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,99,17,308/-	5,99,17,308/-	5,99,17,308/-

1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴ
കർഷകതൊഴിലാളി പെൻഷൻ	19,50,200/-
വിധവാപെൻഷൻ	1,93,74,700/-
വാർദ്ധക്യകാലപെൻഷൻ	3,43,71,400/-
വികലാംഗപെൻഷൻ	73,58,200/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	1,66,800/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	1,20,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ 15.11.24 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടാ ₹500/-ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ
സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി ര
ജീവനക്കാർ പരിപാലിച്ചു വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായ
ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള
കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്ത
മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ ക
നിർണ്ണയവും, പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്. കൃഷി ഓഫീസർ നിർവ്വഹണ
ഫയലുകളിൽ അനുബന്ധ രേഖകൾ ഉൾപ്പെടുത്തുന്നില്ല. പദ്ധതി രൂപീകരണത്തിന
ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. പദ്ധതി ലക്ഷ്യം ഒ
യഥാസമയം പൂർത്തീകരിക്കുന്നതിനും, ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ
സമിതികളും, പഞ്ചായത്ത് ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്
പെർഫോമൻസ് ഓഡിറ്റ്	18.07.2022	4/22 മുതൽ 6/22 വരെ
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.06.2020 മുതൽ 12.06.2020 വരെ	2015-16 മുതൽ 2019-20 വരെ

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികൾ, ദേവസ്വം ജീവനക്കാർ,
സംഘങ്ങൾ, ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തു നട
ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഏ
തൻവർഷം തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല. ബന്ധ
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിയ്ക്ക് തൊഴിൽനികുതി ഒടുക്കു

മേൽപ്പറഞ്ഞ വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി നൽകി. പഞ്ച
ജോലി ചെയ്തുവരുന്നവരും, നിയമപ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യ
ജീവനക്കാരിൽ നിന്നും, തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേ

ഓഡിറ്റ് എൻകുയറി നം- 4/15.11.24

1-12 പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയമേഖലയിൽ ഉൾപ്പെടു ഇളവ് നൽകി

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററു
പ്രാഥമിക മേഖലയിലെ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%നി
വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മിറ്റർ	ഉപയോഗക്രമം	നിരക്ക് (ച.മീറ്റർ)	റോഡ്	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി
20/1034	നന്ദ കുമാർ	261	പാർപ്പിടം	6	ചേനങ്കര-ചന്ദ്രാസ് ജംഗ്ഷൻ റോഡ്	1566/-രൂപ

2023-24 വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി 19.06.23 ലെ 6(2) നമ്പർ തീരുമ
വിഭജനം അന്തിമമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ചേനങ്കര-ചന്ദ്രാസ് ജംഗ്ഷൻ
വശം റോഡരികിൽ നിന്നും 250 മീറ്റർ പരിധിയിലുള്ള കെട്ടിടങ്ങൾ പ്രാഥമിക മേഖ
സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ മേൽ കെട്ടിടം ചേനങ്കര-ചന്ദ്രാസ് ജംഗ്ഷൻ റോഡി
റോഡരികിലായി സ്ഥിതി ചെയ്യുന്നു. അപാകതയിന്മേൽ വിശദീകരണം ആവശ്യ
മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം
സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് എൻകുയറി നം.-5/19.11.24

1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) ൽ, വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈ ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥല പാടില്ല.

2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ/ട്യൂട്ടോറിയൽ സ്ഥാപനങ്ങ സംബന്ധിച്ച രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിൻ പ്രകാരം തൻവർഷം പാരാ ഹോസ്പിറ്റൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ /ഉടമയുടെ പേര്
1	ഡോ.കെയർ മെഡിക്കൽ സെന്റർ, സജുഖാൻ എൽ
2	ജൻആശ്വാസ് ക്ലിനിക്ക്, അബ്ദുൾ അസീസ്
3	ഹാജറുഖിയാക്കുഞ്ഞ് മെമ്മോറിയൽ ഡയാലിസിസ് സെന്റർ, ഡ

ഗ്രാമപഞ്ചായത്തിലെ റേഷൻകടകളും, ക്ഷീരസഹകരണ സംഘങ്ങളും തൻറ എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് ലൈസൻസ് ഫീ മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി നൽകി. ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻകുയറി നം. 10/ 20.11.2024, 4/15.11.24

1-14 വസ്തുനികുതി പരിഷ്കരണം- നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/202 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് പരിശോധന ന നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തി കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസ

വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും, അത്തരം മാറ്റം വന്ന കാലം മുതൽ പ്രാ
പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഫീൽഡ് തല പരിശോധനയ്ക്കായി 44പേരെ തെര
നിലവിൽ ജോലിയിൽ തുടരുന്നു. 23 വാർഡുകളിൽ 14 വാർഡിലെ കെട്ടിടങ്ങളു
പൂർത്തീകരിച്ചിട്ടുണ്ട്. 5 വാർഡുകളിൽ നിലവിൽ വിവരശേഖരണം നടന്നു വരു
അപ്ഡേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ 9B ഫോറത്തിൽ ആകെ
സമർപ്പിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്വെയർ അപ്ഡേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത
തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മുഴുവൻ വാർഡുകളിലും ഫീൽഡ് പ
സമയബന്ധിതമായി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരി
ഓഡിറ്റ് എൻകുയറി നം. 03/15.11.24

1-15 പത്രപരസ്യം-നിയമാനുസൃത ഡിസ്കൗണ്ട് കുറവ് ചെയ്യാതെ തുക അ

ഗ്രാമപഞ്ചായത്തിലെ 01.04.2023 മുതൽ പ്രാബല്യത്തിലുള്ള വസ്തുനികുതി പരി
വീക്ഷണം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതിന് 50400/-രൂപ തനത്ഫണ്ടിൽ നിന്നു
പ്രസ്തുത പത്രപരസ്യത്തിന്റെ ചെലവിൽ നിന്നും ഡിസ്കൗണ്ട് ഇനത്തിൽ ലഭി
ഉപയോഗപ്പെടുത്തിയില്ല.
സർക്കാർ വകുപ്പുകളും, അനുബന്ധ സർക്കാർ-അർദ്ധസർക്കാർ വകുപ്പുകളും പി.ആ
അല്ലാതെ നേരിട്ടോ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങൾക്ക
ബാധകമാണെന്ന് 11.10.2021-ലെ സ.ഉ.(അച്ചടി)നമ്പർ 5/21/ഐ&പി.ആർ.ഡി.
വ്യക്തമാക്കിയിട്ടും അർഹമായ കിഴിവ് കുറയ്ക്കാതെ ബിൽതുക അനുവദിച്
തനത്ഫണ്ടിൽ നിന്ന് അധികം തുക ചെലവഴിച്ചു. ചെലവിന്റെ വിശദാംശം ചുവടെ

പത്രം/ഇൻവോയിസ് നമ്പർ	ബിൽ/വൗച്ചർ നമ്പർ തീയതി	ബിൽ തുക ജി. ഉൾപ്പെടെ(രൂപ
വീക്ഷണം	22300274/13.07.23	50400/-

നിയമാനുസൃതമായ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്താതെ ബിൽ പ്രകാരമുള്ള
അനുവദിച്ച് നൽകിയതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട്

നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആകെ ബിൽ തുകയിൽ നിന്നും ജി.എസ്.റ്റി. ക
48000/-രൂപക്ക് ബാധകമായ കിഴിവ് 7200/-രൂപ പത്രസ്ഥാപനത്തിൽ നിന്നും തിരി
നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി 13/20.11.24

1-16 ഗംബൂട്ട്, റബ്ബർ ഗ്ലൗസ് എന്നിവയുടെ വിതരണ വിവരം/നീക്കിബാക്കി വിശദാംശം ലഭ്യമാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായും, ഗാന്ധിജയന്തിയോടനുബന്ധിച്ച് ര
വാരാഘോഷത്തിനായും ചുവടെ പറയും പ്രകാരം ഗംബൂട്ടും, റബ്ബർ ഗ്ലൗസ് എന്നിവ ര
തുക ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

വൗച്ചർ നമ്പർ/തീയതി	വാങ്ങിയ സാധനങ്ങൾ	ചെലവഴ
22300082/26.04.2023	ഗംബൂട്ട്-20 Pair റബ്ബർ ഗ്ലൗസ്-18 Pair	10,280/-രൂപ
22300804/04.12.2023	ഗംബൂട്ട്-30 Pair റബ്ബർ ഗ്ലൗസ്-500 Pair	1,04,850/-രൂ

വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം/നീക്കിബാക്കിയുടെ വിശദാംശം എന്നി
വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും
ഗംബൂട്ടും, റബ്ബർ ഗ്ലൗസ് എന്നിവയുടെ വിതരണവിവരം ലഭ്യമാക്കാത്തതിനാൽ 1,15,1
ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകയറി- 09/19.11.24
തടസ്സപ്പെടുത്തുന്ന ചെലവ് തുക-115130/-രൂപ

1-17 പദ്ധതി വിഹിതമായി ലഭിച്ച കേന്ദ്ര വിഹിതം സമാന പ്രവൃത്തികൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചു

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം ആരംഭിച്ച്,

വർഷം നടപ്പിലാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോ.216) എന്ന പദ്ധതിക്കായി വ
വിഹിതത്തിൽ നിന്നും 10,00,000/- രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂ
പി.എച്ച്.ഡിവിഷൻ, കൊല്ലം പേർക്കുള്ള അക്കൌണ്ടിലേക്ക് 17.11.2020-ലെ 20030700000
റഫറൻസ് നമ്പർ പ്രകാരം കൈമാറിയിട്ടുണ്ട്.
DSR 2018 പ്രാബല്യത്തിൽ വരികയും എസ്റ്റിമേറ്റ് തുക 13,02,000/-രൂപയായി കൂടുകയും ഇ
തുകയായ 3,02,000/-രൂപ കൂടി പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഒടുക്കണ
അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, കൊല്ലം (നം.DB2-PH
അറിയിക്കുകയും ചെയ്തു. എന്നാൽ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ 09.02.
എസ്.സി.3/370/2022 നമ്പർ കത്തിൽ പ്രവൃത്തിക്കായി ഒടുക്കിയ തുക തിരി
ആവശ്യപ്പെട്ടതിനെ തുടർന്ന്, ദർഘാസ് പരസ്യത്തിന് ചെലവഴിച്ച തുക കിഴിച്ച് അവ
രൂപ 29.04.2023-ലെ ചെക്ക് നമ്പർ 481648 പ്രകാരം ഗ്രാമപ്പഞ്ചായത്തിന് തിരികെ നൽകി. ഈ
തുക ഗ്രാമപ്പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ
കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക സമാന പ്രവൃത്തികൾക്കായി
ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്
നിന്നും ലഭിച്ച തുക സമാന പ്രവൃത്തികൾക്കായി വിനിയോഗിക്കുകയോ, അല്ലാത്തപ
ഒടുക്കുകയോ ചെയ്യേണ്ടതാണ്. സി.എഫ്.സി.(ടൈഡ്) വിഹിതത്തിന്റെ വിനിയോഗ
അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.
ഓഡിറ്റ് എൻകൃയറി 23-21.11.24

1-18 ഇലക്ട്രീഷൻമാർക്ക് ഇൻഷുറൻസ് കരാർ വ്യവസ്ഥക്ക് വിപരീതമായ നിന്ന് തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനത്തിനായി കരാർ അടിസ്ഥാനത്ത
ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ എടുക്കുന്നതിനായി തനത്ഫണ്ടിൽ നിന്നും
22300225-ാം നമ്പർ വൌച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.
ഇലക്ട്രീഷ്യൻമാർ സ്വന്തം ഉത്തരവാദിത്വത്തിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതും, അ
എടുത്തിരിക്കേണ്ടതുമാണെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, കരാർ

നിയമിച്ചിട്ടുള്ള വ്യക്തികളും തമ്മിൽ 06.05.2023 തീയതിയിൽ ചമച്ച കരാറിൽ രേഖ
കരാർ വ്യവസ്ഥക്ക് വിപരീതമായി ഇൻഷുറൻസ് പരിരക്ഷ എടുക്കുന്നതിന് തനത്
ചെലവഴിക്കാനുണ്ടായ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ട്
നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ തനത്ഫണ്ടിൽ
1534/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന ചെലവ് തുക-1534/-രൂപ
ഓഡിറ്റ് എൻകൗയറി -22/21.11.24

1-19 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി
പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | സ്ഥാപനം | ഫണ്ട് | നൽകിയ
(രൂപ) |
|---|---|---|---|---|
| 1 | 87/24-പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി
തേവലക്കര | വികസന
ഫണ്ട് ജനറൽ | 49084/- |
| | | | തനത് ഫണ്ട് | 59573/- |
| | | | | 18339/- |
| | | | | 21109/- |
| | | | | 38919/- |
| | | | | 13623/- |
| | | | | 8025/- |
| | | | | 18227/- |
| 2 | 86/24-
സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | ധനകാര്യ കമ്മീഷൻ
ഗ്രാന്റ് | 819331/-
80669/- |

3	85/24- ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ	കെ.ഇ.എൽ	തനത് ഫണ്ട്	487000/-
			ആകെ	16,13,899/-

വിനിയോഗ/പൂർത്തീകരണ വിവരം അറിയുന്നതിന് നൽകിയ ഓഡിറ്റ് എൻ ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്ര പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക –16,13,899/-രൂപ
ഓഡിറ്റ് എൻകുയറി നം.- 7/19.11.2024

1-20 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

2023-24 ൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധ വാങ്ങുന്നതിനായി കെ.എം.സി.എൽ ന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് പ വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	പ്രൊഫോമ ഇൻവോയിസ്	നൽകിയ തുക(രൂപ)	ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ)	ല മ വ ര
78/24 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ	PRF 486,1-7-23	316557/- (ബിൽനം.7തീയതി 19.07.23)	221103/-	9
124/24 അതി ദാരിദ്ര്യ നിർമ്മാർജ്ജനം ഉപ പദ്ധതി മരുന്ന് വാങ്ങൽ	PRF 3749,5-2-24	100000/- (ബിൽനം.11 തീയതി 25.03.24)	74580/-	2
			ആകെ	1

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് പ
ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണ് എന്ന്
